**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 480** **08-07-2024 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ്മോർട്ടം നടത്തുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ വി ജോയി,<br>ശ്രീ. ആന്റണി ജോൺ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിൽ പോസ്റ്റ്മോർട്ടം നടപടികളിലെ കാലതാമസവും സങ്കീർണതകളും ഒഴിവാക്കുന്നതിനും നിയമനടപടികൾ പൂർത്തിയായാലുടൻ പോസ്റ്റ്മോർട്ടം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | മെഡിക്കോ ലീഗൽ പ്രോട്ടോകോൾ പാലിച്ചാണ് സംസ്ഥാനത്തെ ആശുപത്രികളിൽ പോസ്റ്റ്മോർട്ടം നടത്തി വരുന്നത്.<br><br>പ്രാരംഭ നിയമനടപടിക്രമങ്ങൾ അന്വേഷണ ഉദ്യോഗസ്ഥർ പൂർത്തിയാക്കി പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ, കാലതാമസം കൂടാതെ തന്നെ പോസ്റ്റ്മോർട്ടം നടപടികൾ നടത്തുകയും, അതാത് ദിവസംതന്നെ പോസ്റ്റ്മോർട്ടം പൂർത്തിയാക്കി മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് നിലവിൽ പോസ്റ്റ്മോർട്ടം നടത്തി വരുന്നത്; പ്രസ്തുത ആശുപത്രികളിലെല്ലാം പോലീസ് സർജന്റെ സേവനം ലഭ്യമാക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്, വയനാട്, ഇടുക്കി, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിൽ പോസ്റ്റ്മോർട്ടം നടപടികൾ നടത്തിവരുന്നുണ്ട്. പ്രസ്തുത ആശുപത്രികളിൽ പോലീസ് സർജന്റെ സേവനം ലഭ്യമാണ്. കൂടാതെ ആരോഗ്യവകുപ്പിന് കീഴിലുള്ള 71 ആശുപത്രികളിൽ പോസ്റ്റ്മോർട്ടം നടത്തിവരുന്നു. ആയതിൽ 20 ആശുപത്രികളിൽ പോലീസ് സർജന്റെ സേവനം ലഭ്യമാണ്. |
| (സി) | പോസ്റ്റ്മോർട്ടം നടന്നു വരുന്ന എല്ലാ മോർച്ചറികളും നവീകരിക്കുന്നതിനും അവിടങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകുമോ; | (സി) | മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെയും മോർച്ചറികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കി നവീകരണപ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ഡി) | മോർച്ചറിയും പരിസരപ്രദേശവും വൃത്തിയായി പരിപാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | മെഡിക്കൽ കോളേജുകളിലെയും മറ്റ് സർക്കാർ ആശുപത്രികളിലെയും മോർച്ചറിയും പരിസര പ്രദേശങ്ങളും വൃത്തിയായി പരിപാലിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ